No : ICDS/PMNA/27/2024

ഐ.സി.ഡി.എസ് പ്രൊജക്ട് ഓഫീസ്
മിനി സിവിൽ സ്റ്റേഷൻ, പെരിന്തൽമണ്ണ
പെരിന്തൽമണ്ണ പി.ഒ. മലപ്പുറം ജില്ല 679322
തിയ്യതി 22/01/2024
Email : cdpopmna@gmail.com
ഫോൺ 04933 220630

## ദർഘാസ് പരസ്യം

വനിതാ·ശിശു വികസന വകുപ്പ് - മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഐ.സി.ഡി.എസ് പ്രൊജക്ടിനു കീഴിലെ 134 അങ്കണവാടികൾക്കാവശ്യമായ പ്രീ-സ്കൂൾ എഡ്യുക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്ര വെച്ച ദർഘാസുകൾ ക്ഷണിക്കുന്നു. സാധനങ്ങൾ താഴെ ഒപ്പിട്ട ഓഫീസറുടെ നിർദ്ദേശ പ്രകാരം അതാത് പഞ്ചായത്ത്/നഗരസഭാ സെക്ടർ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചിലവുകൾ, കയറ്റിറക്കു കൂലി എന്നിവയടക്കം എല്ലാ വിധ നികുതികളും ഉൾപ്പെടെയുള്ള തുകയാണ് ദർഘാസിൽ കാണിക്കേണ്ടത്. ദർഘാസ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ തുക :4,02,000/-രൂപ
ദർഘാസ് ഫോറം വില : 800+ 18% GST
ദർഘാസ് ഫോറം വിൽക്കുന്ന അവസാന തിയതിയും സമയവും : 02/02/2024 12 pm
ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തിയതിയും സമയവും : 02/02/2024 1 pm
ദർഘാസ് തുറന്ന് പരിശോധിക്കുന്ന അവസാന തിയതിയും സമയവും : 02/02/2024 3.30 pm

ദർഘാസിൽ പങ്കെടുക്കുന്നവർ അടങ്കൽ തുകയുടെ 1% നിരതദ്രവ്യമായി പെരിന്തൽമണ്ണ ശിശു വികസന പദ്ധതി ആഫീസറുടെ പേരിൽ മാറാവുന്ന ഡി.ഡി രൂപത്തിൽ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതും, 200 രൂപ മുദ്ര പത്രത്തിൽ പ്രാഥമിക എഗ്രിമെന്റ് വെക്കേണ്ടതുമാണ്. ദർഘാസ് ഉൾപ്പെടുന്ന മുദ്രവെച്ച കവറിനു പുറത്ത് "അങ്കണവാടി പ്രീ-സ്കൂൾ എഡ്യുക്കേഷൻ കിറ്റ് ദർഘാസ് 2023 - 24" എന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ദർഘാസിൽ പങ്കെടുക്കുന്നവർ ബ്ലോക്ക് തലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സാമ്പിളുകൾ ഹാജരാക്കേണ്ടതാണ്. ദർഘാസ് നടപടിക്രമങ്ങൾ സംബന്ധിച്ച് സ്റ്റോർസ് പർച്ചേഴ്സ് മാനുവലിലെ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ദർഘാസ് സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം ശിശു വികസന പദ്ധതി ഓഫീസറിൽ നിക്ഷിപ്തമാണ് ദർഘാസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും പെരിന്തൽമണ്ണ മിനി സിവിൽസ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ ശിശു വികസന പദ്ധതി ഓഫീസിൽ നിന്ന് ലഭ്യമാണ്. ഫോൺ : 04933 220 630, 8281 999 267, 9496 586 070.

ശിശുവികസന പദ്ധതി ആഫീസ്
പിൻ:679322
പെരിന്തൽമണ്ണ

ശിശു വികസന പദ്ധതി ഓഫീസർ
പെരിന്തൽമണ്ണ